# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 ഫെബ്രുവരി 6, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

5 (*31,*39&*41) **കെ.എസ്.ആർ.ടി.സി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി**

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) നൽകിയ മറുപടിയിൽ, ഡീസൽ-പെട്രോളിയം ഉത്പന്നങ്ങളുടെ വില നിയന്ത്രണം എടുത്തുകളഞ്ഞതുമൂലമുണ്ടായ വിലവർദ്ധനവ് കെ.എസ്. ആർ. ടി. സി.യെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 18.01.2013 മുതൽ വൻകിട ഉപഭോക്താവ് എന്ന നിലയിൽ കെ.എസ്.ആർ.ടി. സി. ക്ക് വിപണി വിലയായ 60 രൂപ 25 പൈസയ്ക്കാണ് ഡീസൽ ലഭിക്കുന്നത്. ലിറ്ററിന് 11 രൂപ 53 പൈസയുടെ വർദ്ധനവുണ്ടായതുമൂലം ദിനംപ്രതി 47 ലക്ഷം രൂപയുടെയും പ്രതിമാസം 14 കോടി രൂപയുടെയും അധിക ചെലവ് ഉണ്ടായിട്ടുണ്ട്. പ്രതിദിനം ശരാശരി 15.4 ലക്ഷം കിലോമീറ്റർ സർവ്വീസ് നടത്തുമ്പോൾ ഉപഭോഗം ശരാശരി 4.1 ലക്ഷം ലിറ്റർ ഡീസലാണ്.

പ്രതിദിന വരവും ചെലവും തമ്മിലുള്ള അന്തരം 2.5 കോടി രൂപയാണ്. ഡീസൽ വില വർദ്ധനവിനെ തുടർന്ന് ഇപ്പോഴുള്ള പ്രതിദിന നഷ്ടം 2.97 കോടി രൂപയാണ്. ഈ പ്രതിസന്ധി താത്കാലികമായി പരിഹരിക്കുന്നതിന് സർക്കാർ രണ്ട് മാസത്തേയ്ക്ക് 28 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കൂടാതെ 2012-13 സാമ്പത്തിക വർഷത്തിൽ ലോൺ ആയി 100 കോടി രൂപയും സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 50 കോടി രൂപയും പ്ലാൻ ഫണ്ടിനത്തിൽ 57.07 കോടി രൂപയും നൽകിയിട്ടുണ്ട്. കെ. എസ്. ആർ. ടി. സി. യുടെ ഈ സാമ്പത്തിക പ്രതിസന്ധി കേന്ദ്ര സർക്കാരിന്റെ മുമ്പിൽ അവതരിപ്പിച്ച് പരിഹാരം കാണുന്നതിനും കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ പമ്പുകളിൽ നിന്നും മറ്റ് സ്വകാര്യ പമ്പുകളിൽ നിന്നും ഡീസൽ വാങ്ങുന്നതിന്റെ പ്രായോഗികത പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യ വകുപ്പുസെക്രട്ടറി, ഗതാഗത വകുപ്പുസെക്രട്ടറി എന്നിവർ അംഗങ്ങളായ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഡീസൽ വില വർദ്ധനവ് പിൻവലിക്കുന്നതിന് 19.01.2013-ൽ പ്രധാനമന്ത്രിക്കും കേന്ദ്ര പെട്രോളിയം പ്രകൃതി വാതക വകുപ്പുമന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനുവേണ്ടി സർവ്വകക്ഷി നിവേദക സംഘത്തെ അയയ്ക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. പുതിയ ബസുകളുടെ ബോഡി ബിൽഡിംഗ് പൂർത്തിയാക്കി എത്രയും വേഗത്തിൽ നിരത്തിലിറക്കും. 70-ഓളം ബസുകൾ ഫാസ്റ്റ് പാസഞ്ചറും സൂപ്പർ ഫാസ്റ്റുമായി കൺവെർട്ട് ചെയ്ത് ലോങ് റൂട്ടിലിറക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും

ക്രൂ ഷോർട്ടേജ് മൂലമോ മെയിന്റനൻസിന്റെ ഭാഗമായോ ആണ് ബസുകൾ റദ്ദാക്കിയിട്ടുള്ളതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. പബ്ലിക് യൂട്ടിലിറ്റി സർവ്വീസുകളെ ബൾക്ക് പർച്ചേസർ എന്ന രീതിയിൽ സബ്സിഡിയിൽനിന്നും ഒഴിവാക്കിയതിനോട് യോജിപ്പില്ലെന്നും അതിൽ ശക്തമായ പ്രതിഷേധം കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് പെട്രോളിയം കമ്പനിക്കാരുമായി ഇന്ന് ചർച്ച നടത്തുമെന്നും ഒരുപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

6 (*32 &*49) <u>സംസ്ഥാനത്തിന്റെ പാർപ്പിടനയം</u>

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) നൽകിയ മറുപടിയിൽ, ‘സുരക്ഷിത ഭവനം പൗരന്റെ അവ കാശം’ എന്ന സമീപനത്തിൽ അധിഷ്ഠിതമായി പുതിയ പാർപ്പിട നയത്തിന് രൂപം നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്തെ വാസസ്ഥല ങ്ങളുടെ സുസ്ഥിരമായ വികസനത്തിനും പാവപ്പെട്ടവരും പാർശ്വവത്കരിക്ക പ്പെട്ടവരും സാമൂഹ്യ അവസരങ്ങൾ ഇല്ലാത്തവരുമായ ആളുകളുടെ പാർപ്പിട ആവശ്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് എല്ലാ വിഭാഗം വരുമാന ക്കാർക്കും താങ്ങാനാവുന്ന വിലയിൽ വസ്തു, കിടപ്പാടം, സേവനങ്ങൾ എന്നിവയുടെ നീതിപൂർവ്വകമായ വിതരണം ഉറപ്പാക്കുന്നതിനും പാർപ്പിടനയം മുൻഗണന നൽകുന്നുണ്ട്. പൊതുതാൽപര്യം ഉറപ്പുവരുത്തുന്നതിനുള്ള രക്ഷാ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാനത്തെ ഭവന നിർമ്മാണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനകാര്യങ്ങളിൽ പൊതു-സ്വകാര്യ/പൊതു-സ്വകാര്യ-പഞ്ചായത്ത്-പങ്കാളിത്ത വികസന സാമ്പ

ത്തിക മാതൃകകൾ രൂപപ്പെടുത്തുന്നതിനും കേരള സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ, ഹൗസിംഗ് സെക്ടർ റെഗുലേറ്ററി അതോറിറ്റി എന്നിവ സ്ഥാപിക്കുന്നതിനും ഷെൽട്ടർ ഫണ്ട്, ഹൗസിംഗ് റിസ്ക് ഫണ്ട്, ടെക്നോളജി ഇന്നവേഷൻ ഫണ്ട് എന്നിവ രൂപീകരിക്കുന്നതിനും കേരള ബിൽഡിംഗ്സ് (ലീസ് ആന്റ് റെന്റ് കൺട്രോൾ) ആക്ട്, അപ്പാർട്ട്മെന്റ് ഓണർ ഷിപ്പ് ആക്ട് എന്നിവ അടിയന്തരമായി പരിഷ്കരിക്കുന്നതിനും പ്രവാസി ഇന്ത്യാക്കാരുടെയും പ്രവാസി കേരളീയരുടെയും പാർപ്പിട ആവശ്യങ്ങൾ നേരിടുന്നതിനുള്ള കർമ്മ പദ്ധതിക്ക് രൂപം നൽകുന്നതിനും പാർപ്പിട നയം മുൻഗണന നൽകുന്നുണ്ട്. പൊതുസമൂഹത്തിന്റെ അഭിപ്രായം ആരായുന്നതിന് കരട് നയം സർക്കാർ വെബ്സൈറ്റിലും ഹൗസിംഗ് ബോർഡ്, നിർമ്മിതികേന്ദ്രം എന്നിവയുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും ബന്ധപ്പെട്ടവരും തത്പരകക്ഷികളുമായി വിശദമായി ചർച്ച ചെയ്ത് അഭിപ്രായങ്ങൾ സമന്വയിപ്പിക്കുകയും ചെയ്തിരുന്നു. 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 12 ലക്ഷം വീടുകൾ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള കർമ്മ പദ്ധതികൾക്ക് രൂപം നൽകും. വാസയോഗ്യമായ ഭൂമിയുടെ ദൗർലഭ്യം, ലഭ്യമായ ഭൂമിയുടെ ഉയർന്ന വില, കെട്ടിട നിർമ്മാണ സാമഗ്രികളുടെ അസ്ഥിരമായ വിലക്കയറ്റവും ലഭ്യതക്കുറവും, ഭവന പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാൻ കഴിയാതിരിക്കുക, മതിയായ രേഖകൾ സമർപ്പിക്കുന്നതിലെ പോരായ്മ, പുതിയ ഭവന പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ പഴയ പദ്ധതികൾ ഉപേക്ഷിച്ച് പുതിയ പദ്ധതികളുടെ ആനുകൂല്യങ്ങൾ നേടുവാനുള്ള ഗുണഭോക്താക്കളുടെ നീക്കങ്ങൾ, ക്രയശേഷിയുടെ അഭാവം, ഊഹക്കച്ചവട സ്വഭാവമുള്ള ഭൂവിപണി, വിട്ടുവീഴ്ചകളില്ലാത്ത ഭവന

നിർമ്മാണ വായ്പ സമ്പ്രദായം, കെട്ടിട നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിലെ അനുചിത ആസൂത്രണം, കെട്ടിട നിർമ്മാണ നിയന്ത്രണങ്ങൾ, ഉചിതമായ കെട്ടിട നിർമ്മാണ സാമഗ്രികളെയും നിർമ്മാണ സാങ്കേതിക വിദ്യയേയും സംബന്ധിച്ച പരിമിതമായ അവബോധം, സ്ഥാപന ചട്ടക്കൂടുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം എന്നിവ നടപ്പാക്കിയ പദ്ധതികളുടെ ലക്ഷ്യം പൂർണ്ണമായി കൈവരിക്കുന്നതിന് തടസ്സമായി നിൽക്കുന്നു. അടിസ്ഥാന താമസ സൗകര്യങ്ങൾ ഉള്ള ചെറുവീടുകൾ (ഫ്ളാറ്റുകൾ) ഉൾക്കൊള്ളുന്ന പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ച് ഗുണഭോക്തൃ വിഹിതം ഈടാക്കി ഭൂരഹിത/ഭവനരഹിതർക്ക് വിതരണം ചെയ്യുന്ന സാഫല്യം ഭവന പദ്ധതിക്ക് ഇതിനകം തുടക്കം കുറിച്ചിട്ടുണ്ട്. ഇതിനു പുറമേ സ്വന്തമായി 2, 3 സെന്റ് ഭൂമിയെങ്കിലുമുള്ളവർക്കായി സന്നദ്ധ സംഘടനകൾ/സർക്കാരിതര സ്ഥാപനങ്ങൾ/കാരുണ്യവാൻമാരായ മഹത് വ്യക്തികൾ എന്നിവരുടെ പങ്കാളിത്തത്തോടെ ഗൃഹശ്രീ ഭവന പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. മൈത്രി ഭവന പദ്ധതിയിലെ മുഴുവൻ കുടിശ്ശികയും എഴുതിത്തള്ളി. എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിയിൽ 16 കോടി രൂപ ചെലവഴിച്ച് 6311 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയായിട്ടുണ്ട്. ഹൗസിംഗ് ബോർഡ് വഴി 2012-ൽ വിവിധ പദ്ധതികളിലായി ആകെ 887 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. 125 കിടക്കകളുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഉൾപ്പെടെ 523 വീടുകൾ പണിതുകൊണ്ടിരിക്കുന്നു. മാർക്കറ്റ് റേറ്റിനേക്കാൾ കുറഞ്ഞ നിരക്കിൽ ഭവന നിർമ്മാണ സാമഗ്രികൾ ഹൗസിംഗ് ബോർഡിന്റെ കലവറയിൽ നിന്ന് ലഭ്യമാക്കുമെന്നും മണൽ ക്ഷാമം പരിഹരിക്കുന്നതിന് കടൽ മണൽ ശുദ്ധീകരിച്ച് ഉപയോഗിക്കുന്ന

കാര്യം പരിഗണിക്കാവുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

.(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 355 മുതൽ 727 വരെയുള്ള ചോദ്യങ്ങളിൽ 58 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)